ലാപ്സായ കേന്ദ്ര സഹായം

26 [3719] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപയുടെ കേന്ദ്രസഹായം ലാപ്സായിട്ടുണ്ടെന്ന കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ കൃഷി, ആരോഗ്യം, തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, പട്ടികജാതി-പട്ടികവർഗ്ഗം, സാമൂഹികക്ഷേമം തുടങ്ങിയ വകുപ്പുകൾ ലാപ്സാക്കിയ തുകയെത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 2001-ന് ശേഷം ലഭിച്ച കേന്ദ്ര സഹായം ഒന്നും ലാപ്സായിട്ടില്ല.

സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം നഷ്ടപ്പെടാതിരിക്കാൻ നടപടി

27 [3720] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത ഉദ്യോഗസ്ഥന്മാരുടെ അലംഭാവംമൂലം വിവിധ വകുപ്പുകൾക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായം സംസ്ഥാനത്തിന് നഷ്ടപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വന്നിട്ടില്ലെങ്കിൽ കേന്ദ്ര സഹായം നഷ്ടപ്പെടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം ഇനിയും നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം കേന്ദ്ര സഹായം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

GPM. 2/256/2012—11

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) താമസിച്ചു ലഭിക്കുന്ന കേന്ദ്ര അംഗീകാരവും റിലീസുംമൂലം അനുവദിക്കുന്ന തുക മുഴുവനായും ചെലവാക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട അവസരങ്ങളുണ്ടായിട്ടുണ്ട്.

(ഡി) സർക്കാർ തലത്തിൽ എല്ലാമാസവും പദ്ധതികളുടെ വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതു കൂടാതെ ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ സ്ഥിരമായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ എടുക്കുന്നുണ്ട്.

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ

28 [3721] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ കേരളത്തിന്റെ വികസനത്തിന് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കേരളത്തിന് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സർക്കാർ എന്തുനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് വേണ്ടി ശുപാർശ ചെയ്ത കാര്യങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ധനകാര്യ കമ്മീഷൻ അവാർഡിൽ മാറ്റം വരുത്തുന്നതിന് സാദ്ധ്യതയില്ല. എന്നാൽ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നേടുന്നതിന് ശ്രമിക്കും.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly